**കേരള സർക്കാർ**

**നം. എസ്.എസ്.1/ 36 /2023/ധന.**
**ധനകാര്യ (രഹസ്യ വിഭാഗം) വകുപ്പ്,**
**തിരുവനന്തപുരം,**
**തീയതി : 18/04/2023.**

## <u>പരിപത്രം</u>

**വിഷയം:- 2022-23 സാമ്പത്തിക വർഷാവസാനത്തിൽ ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയ ബില്ലുകൾ/ചെക്കുകൾ ക്ലിയർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ - സംബന്ധിച്ച്.**

**സൂചന :- സർക്കുലർ നം. എസ്.എസ്.1/27/2023/ധന. തീയതി 14.03.2023.**

2022-23 സാമ്പത്തിക വർഷാവസാനം ട്രഷറി ഇടപാടുകൾ സുഗമമാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ മേൽ സർക്കുലർ മുഖാന്തിരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സർക്കുലറിലെ 2(iii) & (iv) പ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ ട്രഷറികളിൽ സമർപ്പിക്കുകയും എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ പാസ്സാക്കുവാൻ കഴിയാതിരുന്നതുമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ബില്ലുകളും/ചെക്കുകളും നടപ്പ് സാമ്പത്തിക വർഷത്തിൽ (2023-24) മാറി നൽകുന്നതാണെന്ന നിബന്ധനയ്ക്ക് വിധേയമായി ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയിരുന്നു. അപ്രകാരം ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയ ബില്ലുകൾ/ചെക്കുകൾ process ചെയ്യുന്നതിന് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊള്ളുന്നു:-

(i) 14.03.2023 ലെ സർക്കുലറിലെ ഖണ്ഡിക 2(iii) & (iv) പ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ ട്രഷറികളിൽ സമർപ്പിക്കുകയും ( e-submit ചെയ്തശേഷം physical ബിൽ ട്രഷറികളിൽ സമർപ്പിച്ച കേസുകളിൽ) എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ പാസ്സാക്കുവാൻ കഴിയാതിരുന്നതുമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ബില്ലുകൾ പുതുക്കിയ ഭരണാനുമതി കൂടാതെ തന്നെ, നടപ്പ്

സാമ്പത്തിക വർഷത്തെ (2023-24) ബജറ്റ് വിഹിതത്തിൽ നിന്നും മാറി നൽകാവുന്നതാണ്. ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയ ബില്ലുകൾക്ക് നടപ്പ് വർഷത്തെ ബജറ്റ് വിഹിതം വിനിയോഗിക്കേണ്ടി വരുന്ന സാഹചര്യത്തിൽ ഏതൊക്കെ ബില്ലുകൾ പുനഃസമർപ്പിക്കണമെന്ന കാര്യത്തിൽ ഡി.ഡി.ഒ.മാർ ഉചിതമായ തീരുമാനമെടുക്കേണ്ടതാണ്. നടപ്പ് സാമ്പത്തിക വർഷം സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ ട്രഷറി ക്യൂവിൽ നിന്നും പുനഃസമർപ്പിക്കുന്ന ബില്ലുകളുടെ തുക കിഴിച്ചുള്ള ബജറ്റ് വിഹിതത്തിന് മാത്രമേ ഭരണാനുമതി പുറപ്പെടുവിക്കാൻ പാടുള്ളൂ. ഇക്കാര്യം ഭരണ വകുപ്പുകളും വകുപ്പ് മേധാവികളും ധനകാര്യ വകുപ്പിലെ ബന്ധപ്പെട്ട സെക്ഷനുകളും ഉറപ്പ് വരുത്തേണ്ടതാണ്.

(ii) നിശ്ചിത സമയപരിധിക്കുള്ളിൽ ട്രഷറികളിൽ physical ബിൽ ഉൾപ്പെടെ സമർപ്പിക്കുകയും എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ പാസ്സാക്കുവാൻ കഴിയാതിരുന്നതുമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയ ബില്ലുകൾ ഡി.ഡി.ഒ. മാർ ബന്ധപ്പെട്ട Bill Generating Application-ൽ 2023-24 വർഷത്തെ അലോട്ട്മെന്റിൽ Outer bill പുതുതായി ജനറേറ്റ് ചെയ്ത് പ്രിന്റ് എടുത്ത് ട്രഷറിയിൽ സമർപ്പിക്കേണ്ടതാണ്. അപ്രകാരം സമർപ്പിക്കുന്ന പുതിയ Outer bill ട്രഷറി ഓഫീസർമാർ ട്രഷറി ക്യൂ-വിൽ ഉൾപ്പെട്ടിട്ടുള്ളതും, ട്രഷറിയിൽ സൂക്ഷിച്ചിട്ടുള്ളതുമായ ബില്ലിൽ ചേർത്ത് പാസാക്കി നൽകേണ്ടതാണ്.

(iii) ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയിട്ടുള്ള ചെക്കുകൾ, ട്രഷറി അക്കൗണ്ടിൽ ആവശ്യമായ തുകയുള്ള കേസുകളിൽ നിലവിലുള്ള ട്രഷറി നിയന്ത്രണ പരിധിക്കുള്ളിലുള്ളതും ക്രമപ്രകാരമുള്ളതുമാണെങ്കിൽ ട്രഷറി ക്യൂവിലെ സീനിയോറിറ്റി പാലിച്ച് ട്രഷറി ഓഫീസർ പാസ്സാക്കി നൽകേണ്ടതാണ്. ട്രഷറി നിയന്ത്രണ പരിധിക്ക് മുകളിലുള്ള ചെക്കുകൾ വെയ്സ് & മീൻസ് ക്ലിയറൻസ് സഹിതം സമർപ്പിക്കുവാൻ നിർദേശിച്ച് ഡി.ഡി.ഒ.മാർക്ക് മടക്കി നൽകേണ്ടതാണ്. കാലാവധി കഴിഞ്ഞ ചെക്കുകളുടെ കാര്യത്തിൽ ഡി.ഡി.ഒ./Cheque Issuing Authority ചെക്ക് revalidate ചെയ്ത് ട്രഷറിയിൽ വീണ്ടും സമർപ്പിക്കേണ്ടതാണ്.

(iv) കഴിഞ്ഞ സാമ്പത്തിക വർഷം ക്ലിയറൻസിനായി വെയ്സ് & മീൻസ് ക്യൂ-വിൽ അവശേഷിച്ച ബില്ലുകൾ ബന്ധപ്പെട്ട ഡി.ഡി.ഒ മാർക്ക് തിരികെ നൽകേണ്ടതാണ്. അതേസമയം, കഴിഞ്ഞ സാമ്പത്തിക വർഷം ക്ലിയറൻസിനായി വെയ്സ് & മീൻസ് ക്യൂ-വിൽ അവശേഷിച്ച ചെക്കുകൾ വെയ്സ് & മീൻസ് ക്ലിയറൻസ് ഡി.ഡി.ഒ മാർ ലഭ്യമാക്കുന്ന മുറയ്ക്ക് ട്രഷറി ഓഫിസർമാർ മാറി നൽകേണ്ടതാണ്.

(v) ട്രഷറി ക്യൂവിൽ ഉൾപ്പെട്ടിട്ടുള്ള 2022-23 ലെ ബജറ്റ് വിഹിതത്തിൽ നിന്നുള്ള ബില്ലുകളുടെ തുക ബന്ധപ്പെട്ട വകുപ്പ് തലവന്മാർ/ചീഫ് കൺട്രോളിംഗ് ഓഫീസർമാർ അടിയന്തിരമായി സറണ്ടർ ചെയ്യേണ്ടതാണ്.

(vi) ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയിട്ടുള്ള ചെക്കുകൾ/ബില്ലുകൾ മാറി നൽകുമ്പോൾ ട്രഷറി ഓഫീസർമാർ ട്രഷറി വിനിമയങ്ങൾക്ക് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, 18.03.2023 ലെ സ.ഉ.(അ.)48/2023/ധന യിൽ പുറപ്പെടുവിച്ചത് അടക്കമുള്ളവ, പാലിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ എല്ലാ ഡി.ഡി.ഒ. മാരും ട്രഷറി ഓഫീസർമാരും കൃത്യമായി പാലിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഉണ്ടാകുന്ന വീഴ്ച ഗുരുതരമായ കൃത്യവിലോപമായി കണ്ട് അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

**മുഹമ്മദ് വൈ. സഫീറുള്ള**
**ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി**
**(ഫിനാൻസ് റിസോഴ്സസ് )**

ഉത്തരവിൻ പ്രകാരം

Signed by
Suresh K B
Date: 18-04-2023 11:10:01

സെക്ഷൻ ഓഫീസർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ. & ഇ.) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ് / ഓഫീസ് തലവൻമാർക്കും.
നിയമം ഉൾപ്പെടെ സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും. (ഇ-ഓഫീസ് മുഖാന്തിരം)
ട്രഷറി ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
രജിസ്ട്രാർ, കേരള സർവ്വകലാശാല / കൊച്ചി / കോഴിക്കോട് / മഹാത്മ ഗാന്ധി / കണ്ണൂർ/ കേരള കാർഷിക സർവ്വകലാശാല / ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല/ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല/ ആരോഗ്യ സർവ്വകലാശാല/എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല/ കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാല/ കേരള വെറ്ററിനറി & ആനിമൽ സയൻസസ് സർവ്വകലാശാല/ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്/ സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള.
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
സെക്രട്ടറി, തദ്ദേശസ്വയംഭരണ ഓംബുഡ്സ്മാൻ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
എല്ലാ സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും. (ഇ-ഓഫീസ് മുഖാന്തിരം)
ഗവർണറുടെ സെക്രട്ടറി, മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി, മറ്റ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ, ചീഫ് വിപ്പിന്റെ പ്രൈവറ്റ് സെക്രട്ടറി, പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി, സ്പീക്കറുടെ / ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്.

ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി.
എല്ലാ കമ്മീഷനുകളുടെയും സെക്രട്ടറിമാർക്ക്
എല്ലാ സർക്കാർ കമ്പനികളുടെയും / ബോർഡുകൾ/ കോർപ്പറേഷനുകൾ /
പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ മാനേജിംഗ് ഡയറക്ടർ/
ജനറൽ മാനേജർക്കും
എല്ലാ ട്രഷറി ഓഫീസർമാർക്കും.
നോഡൽ ഓഫീസർ, www.finance.kerala.gov.in
ഓഫീസ് പകർപ്പ് / സൂക്ഷിപ്പ് ഫയൽ (ഇ- 2413864)